# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 04/2025
# 22.05.2025 എ.കെ.ജി.സി.ടി ഭവൻ

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ടിംഗ്
5. ഐഫെക്ടോ പ്രക്ഷോഭം
6. ദേശീയ പണിമുടക്ക്
7. മെമ്പർഷിപ്പ്
8. വിവിധ സബ്കമ്മറ്റികൾ
9. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. വിനു ഭാസ്കർ, ഡോ. സി. പി. ബേബിഷീബ, ഡോ. പ്രിൻസ് പി. ആർ., രഘുദാസ് പി. വി., ശശി സി. ടി., ഡോ. വിവേകാനന്ദൻ എസ്. എസ്., ഡോ.ഗീതാ നമ്പ്യാർ എം.കെ, ഡോ. ഗായത്രിദേവി ജി., ഡോ. വിനീത പി., ഡോ. ജയരാജ് ജെ., ഡോ. രഞ്ജിത് മോഹൻ, ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. രമണി കെ. കെ., ഡോ. റിജുലാൽ ജി., ഡോ. രജിത സി. ആർ., ഡോ. എസ്. സഞ്ജയ്, ഡോ. ദീപ എ. കെ., ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്.,ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽരാജ് എൻ. വി., അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി. വി., ആൽബർട്ട് ആൻറണി ടി., ഡോ. ഹരിദാസൻ വി., ബ്രിജേഷ് എൻ. എസ്., ഡോ.സി.വി.ഷാജി, ഡോ. രാഹുൽ കെ., ഡോ. ഷിബു പി.വി., ഡോ. എം. എ. അസ്കർ, ഡോ.വിഷ്ണു വി.എസ്., ഡോ. അജി പി.എൽ., ഡോ.ആനന്ദ് ടി.എ., ഡോ. ദിനേശ് പി.കെ.,ഡോ. മുഹമ്മദ് ബഷീർ ടി, ഡോ. റഹിം കെ., ഡോ.സുശാന്ത് പി, സജിത് കുമാർ പി, ഡോ.സുകുമാരൻ എം, ഡോ. അഗസ്റ്റിൻ എൻ. ജെ., സജീവ്. യു. എസ്., ഡോ. സെനോ ജോസ്

രാവിലെ 10ന് എ.കെ.ജി.സി.ടി ഭവനിൽ ചേർന്ന സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ.വി. അനുശചന പ്രമേയം അവതരിപ്പിച്ചു..

**അനുശോചനം**

ഇന്ത്യ-പാക് സംഘർഷത്തിൽ മരണമടഞ്ഞ ഇന്ത്യൻ പട്ടാളക്കാരും സാധാരണ ജനങ്ങളുമടക്കമുള്ളവർ, കേന്ദ്ര സർക്കാർ ജീവനക്കാരുടെ സംഘടനാ നേതാവും സാമൂഹ്യ പ്രവർത്തകനുമായിരുന്ന ടി.നാരായണൻ, സി.പി.ഐ.എം കാട്ടാക്കട മുൻ ഏരിയാ കമ്മറ്റി അംഗം സ. എഫ്. ബേബി, മാർക്സിസ്റ്റ് പോരാളിയും ഉറുഗ്വേ മുൻ പ്രസിഡന്റുമായ ഹോസെ മുഹിക, പ്രമുഖ ജ്യോതിശാസ്ത്രജ്ഞൻ ഡോ. ജയന്ത് വിഷ്ണു നാർലിക്കർ, പ്രമുഖ ആണവ ശാസ്ത്രജ്ഞനും ആണവോർജ്ജ കമ്മീഷൻ മുൻ ചെയർമാനുമായിരുന്ന ഡോ. എം. ആർ ശ്രീനിവാസൻ തുടങ്ങിയവരുടെ

നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

എ.കെ.ജി.സി.ടി. ഭവൻ നവീകരണം/ പ്രക്ഷോഭ ഫണ്ട് സമാഹരണം എന്നിവയുടെ പ്രവർത്തനം എത്രയും വേഗം പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ യൂണിറ്റുകളിൽ നടത്തണം.

ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിനെതിരെ ഈ മാസം 27ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാന്റെ മണ്ഡലമായ ഭുവനേശ്വറിൽ നടക്കുന്ന പ്രതിഷേധ ധർണ്ണയിൽ സംഘടനയെ പ്രതിനിധീകരിച്ച് 15 പേർ പങ്കെടുക്കുന്നുണ്ട്. പ്രിൻസിപ്പൽ നിയമനം സംബന്ധിച്ച കേസ് കോടതി ഉടനെതന്നെ പരിഗണിക്കുന്നതാണ്.

പൊതുസ്ഥലംമാറ്റം സംബന്ധിച്ച് നാല് വിഷയങ്ങൾ ഒഴികെ കരട് പ്രസിദ്ധീകരിച്ചു. ഇനി പ്രസിദ്ധീകരിക്കാനുള്ളവ ഉടനെ പുറത്തിറങ്ങുന്നതാണ്. പൊതുസ്ഥലംമാറ്റം സംബന്ധിച്ച പരാതികൾ ജില്ലാ സെകട്ടറിമാർ സമാഹരിച്ച് ഈ മാസം 26നകം സംസ്ഥാന സമിതിക്ക് നൽകണം. അനുവദിക്കപ്പെട്ട മുഴുവൻ തസ്തികയിലും സ്ഥലംമാറ്റം സാധ്യമാക്കണമെന്നാവശ്യപ്പെട്ട് സംഘടന സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. സംഘടനയുടെ അക്കാദമിക് ഡയറിയുടെ പ്രിന്റിങ് നടന്നുവരുന്നു ജൂൺ ആദ്യവാരം യൂണിറ്റുകളിൽ എത്തിക്കും. സംഘശബ്ദം സമ്മേളന പതിപ്പും ഉടൻ പുറത്തിറങ്ങുന്നതാണ്.

മലയാളം സർവ്വകലാശാലയ്ക്ക് വേണ്ടി തിരൂർ കോളേജിന്റെ സ്ഥലം ഏറ്റെടുക്കാനുള്ള സർക്കാർ നീക്കത്തിൽ സംഘടന ആവശ്യമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി തൽക്കാലം ഇതുമായി ബന്ധപ്പെട്ട നടപടികൾ സർക്കാർ നിർത്തിവെച്ചിരിക്കുന്നു.

എയ്ഡഡ് കോളേജ് സർവീസ് പരിഗണിക്കൽ, പ്രിൻസിപ്പലിന്റെ താൽക്കാലിക ചുമതല വഹിക്കുന്നവർക്ക് പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കൽ, പുതുക്കിയ വർക്ക് ലോഡ്, ഡി.എ അരിയർ എന്നീ വിഷയങ്ങളിൽ സംഘടന ആവശ്യമായ ഇടപെടൽ തുടർന്നും നടത്തുന്നതാണ്. പറവൂർ കേസരി കോളേജ്, വയനാട് റൂസാ മോഡൽ കോളേജ് എന്നിവ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങി. ഇത് നമ്മളെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനകരമാണ്. എം.ജി സർവ്വകലാശാല അക്കാദമിക് മേഖലയിൽ കൈവരിച്ച നേട്ടം ഏറെ സന്തോഷകരമാണ്. സംഗീത കോളേജ് അധ്യാപകരുടെ വിഷയങ്ങൾ പഠിക്കാൻ സർക്കാർ നിയോഗിച്ച സമിതിയുടെ പ്രവർത്തനം സുഗമമായി മുന്നോട്ടു പോവേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും. കോളേജുകളിലെ വിവിധ ചുമതലകൾ ഏറ്റെടുക്കാൻ മുഴുവൻ അധ്യാപകരും തയ്യാറാവണം. ഈ വർഷത്തെ മെമ്പർഷിപ്പ് തുക സംബന്ധിച്ച് ഇന്ന് തീരുമാനമെടുക്കണം. ജൂലൈ 9ന് നടക്കുന്ന ദേശീയ പണിമുടക്ക് വിജയിപ്പിക്കുന്നതിനാവശ്യമായ സംഘടനാപ്രവർത്തനം നടത്തണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. എ.കെ.ജി.സി.ടി. ഭവൻ നവീകരണം/ പ്രക്ഷോഭ ഫണ്ട് എന്നിവ എത്രയും വേഗത്തിൽ സമാഹരിക്കുവാൻ ആവശ്യമായ സംഘടനാ പ്രവർത്തനം യൂണിറ്റുകളിൽ നടത്തണം.
2. ജൂലൈ 9ന്റെ ദേശീയ പണിമുടക്ക് വിജയിപ്പിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ യൂണിറ്റുകളിൽ നടത്തണം.

3. എഞ്ചിനീയറിംങ് കോളേജിലെ നമ്മുടെ അധ്യാപകരുടെ ഗൈഡ്ഷിപ്പ് വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തും.
4. മഹാരാജാസ് കോളേജിലെ കോസ്റ്റ് ഷെയറിംങ് കോഴ്സുകളുടെ വിഷയത്തിൽ വീണ്ടും ഇടപെടൽ നടത്തും.
5. സർക്കാർകോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന എസ്.സി/ എസ്.റ്റി കുട്ടികളുടെ സ്റ്റൈപ്പന്റ് വൈകുന്ന വിഷയം സംഘടന സർക്കാരിന് ശ്രദ്ധയിൽ പെടുത്തും.
6. 2020ൽ സർക്കാർ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് പുതിയ തസ്തിക സൃഷ്ടിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും.
7. കെ.റീപ്പിന്റെ സങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ ഇടപെടൽ നടത്തും.
8. എയ്ഡഡ് കോളേജ് സർവീസ് പരിഗണിക്കൽ, പ്രിൻസിപ്പലിന്റെ താൽക്കാലിക ചുമതല വഹിക്കുന്നവർക്ക് പകരം ഗസ്റ്റ് അധ്യാപകരെ നിയമിക്കൽ, പുതുക്കിയ വർക്ക് ലോഡ് ഉത്തരവ്, ഡി.എ അരിയർ വിഷയങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്തും.
9. മെമ്പർഷിപ്പ് തുക മുൻ വർഷത്തെപോലെ 1500 രൂപാ നിരക്കിൽ അംഗങ്ങളിൽ നിന്നും സമാഹരിക്കുവാൻ തീരുമാനിച്ചു.

യോഗം 4.00ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
22-05-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി